# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/35526/13.

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 02/12/2013

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് മാർച്ച് 2014- അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

****************

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.കളിൽ വെച്ച് 2014 മാർച്ച് മാസം നടത്തുന്ന എസ്.സി.വി.റ്റി. സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് ട്രെയിനികളിൽ നിന്നും നിശ്ചിതഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ എസ്.സി.വി.ടി നടത്തുന്ന ട്രേഡുകളിൽ പരിശീലനം പൂർത്തിയാക്കി പരീക്ഷ എഴുതി തോറ്റുപോയ ട്രെയിനികൾ ഫീസിനത്തിൽ 60 രൂപ ''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ 30/12/13-നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കേണ്ടതും, അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് 30/12/13 ന് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. ടൈപ്പ് ചെയ്തതോ പ്രിന്റ് ചെയ്തതോ ആയ അപേക്ഷഫോമാണ് ഉപയോഗിക്കേണ്ടത്. (എഴുതിസമർപ്പിക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല). ടി അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുകയോ ചെയ്യുന്ന തല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിനു മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാളിനെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം ജാമ്യ തുക മടക്കി നൽകുന്നതുമാണ്. പരിശീലനം പൂർത്തിയാക്കിയ ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ.യിലോ ആദ്യമായി ട്രേഡ് ടെസ്റ്റ് എഴുതിയ ഐ.ടി.ഐ.യിലോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രം മാറ്റുവാനും വ്യവസ്ഥ ചെയ്തിട്ടില്ല. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും അപൂർണ്ണമായതും, ചെലാന്റെ അസൽ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകൾ ബന്ധപ്പെട്ട ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരിശോധിച്ച് അർഹത ഉറപ്പു വരുത്തി അപേക്ഷാഫോറം

സാക്ഷ്യപ്പെടുത്തേണ്ടതും ഓരോ ട്രേഡിനും പ്രത്യേകം തയ്യാറാക്കിയ ലിസ്റ്റും (മൂന്ന് പകർപ്പ്) ഓരോ ട്രെയിനിക്കും ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ഫോട്ടോ പതിപ്പിച്ച ഹാൾ ടിക്കറ്റ് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തി ഈ ആഫീസിൽ 06/01/14-ന് മുൻപായി എത്തിക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പരീക്ഷാർത്ഥികൾ സമർപ്പിച്ച എസ്.എസ്.എൽ.സി ബുക്കിന്റെ കോപ്പി കൂടി ഉൾപ്പെടുത്താൻ പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗവൺമെന്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും സ്വീകരിക്കുന്ന ചെലാൻ ഫയലിൽ സൂക്ഷിക്കേണ്ടതും, ഈ വിവരം അപേക്ഷയ്ക്കും ലിസ്റ്റിനും ഒപ്പം അയക്കുന്ന ആമുഖ കത്തിൽ പ്രത്യേകം സൂചിപ്പിക്കേണ്ടതുമാണ്. നിശ്ചിത തീയതി കഴിഞ്ഞ് ഫീസടച്ചിട്ടുള്ളതും, നിശ്ചിത തുകയിൽ കുറഞ്ഞ തുക ഫീസായി അടച്ചിട്ടുള്ളതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒരു ട്രെയിനിയ്ക്ക് ആദ്യത്തെ അവസരം മുതൽ തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ പരമാവധി ആറ് അവസരങ്ങൾ മാത്രമേ ലഭിക്കുവാൻ അർഹതയുള്ളു. ആയത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപേക്ഷയിലെ വെരിഫിക്കേഷൻ റിപ്പോർട്ട് ഒപ്പു വയ്ക്കേണ്ടതുമാണ്. തോറ്റ ട്രെയിനികൾ മുൻപ് എഴുതി പാസ്സായിട്ടുള്ള വിഷയങ്ങളിലെ മാർക്ക്, റോൾ നമ്പർ, വർഷം, സെഷണൽ മാർക്ക് എന്നിവ അപേക്ഷയിൽ എഴുതിയിരിക്കുന്നത് ബി ഫാറവുമായി ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതാണ്.

ഓരോ ട്രേഡിനും ആവശ്യമായ പ്രത്യേക 'ബി' ഫാറം തയ്യാറാക്കി ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർ ഹാൾടിക്കറ്റ് ലഭിച്ചതിനുശേഷം റോൾ നമ്പർ, മുൻകാലങ്ങളിൽ വിജയിച്ച വിഷയങ്ങളുടെ മാർക്ക്, അതാത് വിഷയത്തിനുള്ള സെഷണൽ മാർക്ക് ഇവ ചേർത്ത് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. വിഷയങ്ങളുടേയും, മാർക്കുകളുടേയും അടിസ്ഥാനത്തിലല്ലാത്ത 'ബി' ഫാറങ്ങൾ സ്വീകരിക്കുന്നതല്ല. ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ വിജ്ഞാപനം ലഭിച്ചാലുടൻ മടക്കത്തപാലിൽ ആയത് ലഭിച്ച വിവരം അറിയിക്കേണ്ടതാണ്.

അഡീഷണൽ ട്രെയിനിംഗ് ഡയറക്ടർ.

ഉള്ളടക്കം : മാതൃകാ അപേക്ഷാ ഫോറം.

പകർപ്പ്:- ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും/ട്രെയിനിംഗ് ഇൻസ്പെക്ടർമാർ / ജെ.ഡി.റ്റി. കണ്ണൂർ / എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ / എ.ഡി.റ്റി. / ഡയറക്ടറുടെ സി.എ. / ടി.ടി.ഒ / ഡി.ഡി (ട്രെയിനിംഗ്) / സംഭരണ ഫയൽ (ജി2) , In the website www.det.kerala.gov.in

എ-3/12/13

## APPLICATION FOR FAILED CANDIDATE OF SCVT TRADE TEST MARCH 2014

1. Name of the applicant (IN BLOCK LETTERS) (as in SSLC Book) :

2. Full address :

3. Name of Father/guardian (IN BLOCK LETTERS) (as in SSLC Book)

4. Date of Birth (as in SSLC Book) :

5. Name of ITI/ITC where the trainee has undergone training and appeared for the Trade Test :

6. Male/Female :

7. Category (To be indicated with Tick mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

8. Trade :

9. Period of Training : I From August....................................
   : To July.............................................

10. Year of First appearance :

11. Number of chances including this Trade Test : II From August to Jannuary...............
    From February to July.....................
    (for 6 months course).

12. Roll No. and year of last appearance. :

13. Details of the subjects passed up to the previous Trade Test and sessional marks and sessional marks of failed subjects:-

| Subject | Roll No. | Month | Year | Marks Obtained (Without Sessional) | Sessional Marks |
|---|---|---|---|---|---|
| | | | | | |

14. Subject/subjects for which the Candidate desires to appear :

## DECLARATION

I do hereby declare that the information furnished above are true to the best of my knowledge and belief. I do understand that I have only six chances within a period of three years on completion of my training to appear for the test and also that I have to appear for all the subjects for which I have to get through.

I agree to attend the Trade Test at the centre allotted by the Director of Training.

Name & Signature of the Applicant.

## VERIFICATION REPORT

I hereby certify that the details furnished by the candidate are correct as per the office records. I also certified that this trainee is eligible for attending this trade test considering him number of chance and year. I declare that the candidate has acquired the required training from unaffiliated unit and his period of training is found to be true and that he/she is a member of the group of trainees whose admission has been enclosed. I recommended his candidature.

The character & conduct of the trainee is.........................................
Details of remittance of fees
(Chalan in original to be attached with
the application).

: Chalan No. :
Date :
Name of Treasury :
Amount :

Place :
Date :

Signature of the Principal

(Office Seal)

N.B.:- Clause 1 to 14 must be filled compulsorily. Otherwise the application will be rejected without further notice.

Directorate Verification :

| | | Section | Senior Superintendent | Trade Test Officer |
|---|---|---|---|---|
| 1. Fee remitted | : | | | |
| 2. Affiliation Status | : | | | |
| 3. Number of Chances availed | : | | | |

**Deputy Director of Training.**

A-3/12/13